പതിനഞ്ചാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 333 ൽ മറുപടിയ്ക്ക്

**സി.എച്ച്. മെമ്മോറിയൽ കോട്ടക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രിയുടെ ഓഹരി പിരിക്കൽ**

| ചോദ്യം<br>**പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ** | | മറുപടി<br>**ബഹു.തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി** | |
|---|---|---|---|
| (എ) | മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന സി .എച്ച്. മെമ്മോറിയൽ കോട്ടക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രി (ക്ലിപ്തം നമ്പർ എം 594 ) സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഓഹരി പിരിക്കുന്നതിന് അനുമതി തേടിക്കൊണ്ടുള്ള സംഘം ചെയർമാന്റെ നിവേദനത്തിൻ മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | മലപ്പുറം ജില്ലയിലെ കോട്ടക്കൽ ആസ്ഥാനമായി പ്രവർത്തിച്ചു വരുന്ന സി.എച്ച്. മെമ്മോറിയൽ കോട്ടക്കൽ കോ - ഓപ്പറേറ്റീവ് ആശുപത്രി (ക്ലിപ്തം നമ്പർ എം594) സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ഓഹരി പിരിക്കുന്നതിന് അനുമതി തേടിക്കൊണ്ടുള്ള സംഘം ചെയർമാന്റെ നിവേദനത്തിന്മേൽ LSGD-FM2/38/2022-LSGD നമ്പർ ഫയലിൽ സർക്കാർ പരിശോധനകളുടെ ഭാഗമായി 30.03.2022 ലെ തദ്ദേശ സ്വയം ഭരണ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ കത്ത് മുഖാന്തിരം പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, നഗരകാര്യ ഡയറക്ടർ എന്നിവരോട് റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടേറ്റ് ,നഗരകാര്യ ഡയറക്ടേറ്റ്,ഗ്രാമ വികസന കമ്മീഷണർ എന്നീ ഓഫീസുകളിൽ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ; ഇതു സംബന്ധിച്ച് പ്രസ്തുത ഓഫീസുകളിലുള്ള ഫയലുകളുടെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) | **പഞ്ചായത്ത് ഡയറക്ടർ**<br>മലപ്പുറം ജില്ലയിലെ കോട്ടക്കൽ ആസ്ഥാനമായി പ്രവർത്തിച്ചു വരുന്ന സി.എച്ച്. മെമ്മോറിയൽ കോട്ടക്കൽ കോ - ഓപ്പറേറ്റീവ് ആശുപത്രി ആശുപത്രിക്ക് സ്ഥലം വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനുമായി ഫണ്ട് സ്വരൂപിക്കുന്നതിനായി സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ഓഹരി പിരിക്കുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംഘം ചെയർമാൻ സർക്കാരിലേക്ക് സമർപ്പിച്ച അപേക്ഷയിൽ പഞ്ചായത്ത് ഡയറക്ടേറ്റിൽ File No PAN/9296/2022-G2(DP)- നമ്പറായി ഫയൽ നടപടികൾ ആരംഭിച്ചിരുന്നു.മേൽ ഫയലിൽ റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് 25.05.2022-തീയതി മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് കത്ത് നൽകുകയും ആയതിന് 21.06.2022-ാം തീയതിയിൽ 1194/2022-D12 ആയി മറുപടി ലഭിച്ചിട്ടുള്ളതുമാണ് പ്രസ്തുത റിപ്പോർട്ട് പ്രകാരം ലഭ്യമായ വിവരങ്ങൾ ച |

| | | | |
|---|---|---|---|
| | | | വടെ ചേർക്കുന്നു.<br><br>1. ഗ്രാമ പഞ്ചായത്തുകളുടെ തനത് വരുമാനം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച് നല്കുന്നതിനായി പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർക്ക് 06/06/2022 ന് DDP/ MPM/ 1194 /2022 നമ്പറായി കത്ത് നൽകിയിട്ടുണ്ട്.<br>2. 21/06/2022 ന് ഇതേ നമ്പർ കത്ത് പ്രകാരം ടി സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങളും, അവസാന ഓഡിറ്റ് ക്ളാസിഫിക്കേഷൻ സർട്ടിഫിക്കറ്റും ആരാഞ്ഞുകൊണ്ട് സഹകരണ സംഘം ജോയിന്റ് രജിസ്റ്റാർക്ക് കത്ത് നല്കി<br>3.ടി സ്ഥാപനത്തിൽ നേരിട്ട് പോയി അന്വേഷണം നടത്തുന്നതിന് പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസറെ (യൂണിറ്റ് 4 ) ചുമതലപ്പെടുത്തി കത്ത് നൽകി .<br>4. മേൽ വിവരം അറിയിച്ചു കൊണ്ട് മലപ്പുറം സി എച്ച് മെമ്മോറിയൽ സഹകരണ ആശുപത്രി ചെയർമാന് കത്ത് നൽകിയിട്ടുള്ളതാണ്.<br><br>(ഫയലിന്റെ പകർപ്പും കത്തുകളുടെ പകർപ്പും അനുബന്ധം 1 ആയി ചേർക്കുന്നു.)<br><u>ഗ്രാമവികസന കമ്മീഷണർ</u><br>(എ) മലപ്പുറം ജില്ലയിലെ കോട്ടക്കൽ ആസ്ഥാനമായി പ്രവൃത്തിച്ച് വരുന്ന സി.എച്ച് മെമ്മോറിയൽ കോട്ടക്കൽ കോ-ഓപ്പറേറ്റിവ് ആശുപത്രി സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ഓഹരി പിരിക്കുന്നതിന് അനുമതി തേടി കൊണ്ടുള്ള സംഘം ചെയർമാന്റെ നിവേദനം മലപ്പുറം അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ) ക്ക് അയക്കുകയും ആയതു തിരികെ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വേങ്ങര, മലപ്പുറം, ബ്ലോക്ക് പഞ്ചായത്തുകൾ ഫണ്ട് നൽകാമെന്നും തിരൂർ, വണ്ടൂർ, താനൂർ, പെരിന്തൽമണ്ണ, മങ്കട , കുറ്റിപ്പുറം എന്നീ ബ്ലോക്ക് പഞ്ചായത്തുകൾ ടി ഫണ്ടുമായി ബന്ധപ്പെട്ട വിഷയം ഭരണസമിതിയിൽ വച്ചിട്ടുള്ളതാണെന്നും എന്നാൽ തീരുമാനം ആയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. കൊണ്ടോട്ടി, പൊന്നാനി, , പെരുമ്പടപ്പ്, അരീക്കോട്, കാളികാവ്, നിലമ്പൂർ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തുകൾ ഈ വിഷയത്തിൽ ഇതേവരെ തീരുമാനമെടുത്തിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. നിലവിലെ വാർഷിക പദ്ധതി മാർഗ്ഗരേഖ പ്രകാരം സഹകരണ സ്ഥാപനത്തിന്റെ ഓഹരി സ്വന്തമാക്കുന്നതിനു ബ്ലോക്ക് പഞ്ചായത്തുകൾക്ക് പദ്ധതി തുക വിനിയോഗിക്കാൻ കഴിയുകയില്ല എന്നും അറിയിച്ചിട്ട |

| | | | |
|---|---|---|---|
| | | | ണ്ട്. ആയതിനാൽ സി.എച്ച് മെമ്മോറിയൽ കോട്ടക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് സമാഹരിക്കുന്ന സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനം എടുക്കേണ്ടതാണ് എന്ന റിപ്പോർട്ട് 22.06.2022 തീയതിയിലെ കത്ത് മുഖാന്തിരം സർക്കാരിന് സമർപ്പിച്ചിട്ടുള്ളതാണ്.<br><br>(ടി വിഷയവുമായി ബന്ധപ്പെട്ട ഫയലിന്റെ പകർപ്പ് അനുബന്ധം 2ആയി ചേർക്കുന്നു.)<br>**<u>നഗരകാര്യ ഡയറക്ടർ</u>**<br>മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന സി.എച്ച്. മെമ്മോറിയൽ കോട്ടക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രി (ക്ലിപ്തം നമ്പർ എം 594 ) സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഓഹരി പിരിക്കുന്നതിന് അനുമതി തേടിക്കൊണ്ടുള്ള സംഘം ചെയർമാന്റെ നിവേദനത്തിൻ മേൽ ഈ ഓഫീസിൽ നിന്നും 28.04.2022 ലെ DUA-1022-2022-DC4 നമ്പർ പ്രകാരം മലപ്പുറം ജില്ലയിലെ പൊന്നാനി ഒഴികെയുള്ള നഗരസഭകളിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>(ടി വിഷയവുമായി ബന്ധപ്പെട്ട ഫയലിന്റെ പകർപ്പ് അനുബന്ധം 3ആയി ചേർക്കുന്നു.) |

**എം വി ഗോവിന്ദൻ മാസ്റ്റർ**
**MINISTER**

ANNEXURE I

File No. PAN/7408/2022-G2(DP)

# GOVERNMENT OF KERALA

Directorate Of Panchayath

PAN

G(DP) PAN

SUBJECT

| | | |
|---|---|---|
| **Main Category** | : | ADMINISTRATION |
| **Sub Category** | : | |
| **Description** | : | സി എച്ച് മെമ്മോറിയൽ കോട്ടക്കല് കോ-ഓപ്പറേറ്റീവ് ആശുപത്രിക്ക് ഫണ്ട് സമാഹരിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ 30.03.2022 ലെ 38/എഫ് എം2/2022/തസ്വഭവ നമ്പർ കത്ത് |

OTHER DETAILS

| | | |
|---|---|---|
| **Retention** | : | |
| **Priority** | : | |
| **Language** | : | English |
| **Remarks** | : | |

I/5222768/2022

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

തദ്ദേശസ്വയംഭരണ (എഫ്.എം.) വകുപ്പ്

നം.38/എഫ്.എം2/2022/ത.സ്വ.ഭ.വ. 30-03-2022,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ,തിരുവന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.

സർ,

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - സിഎച്ച് മെമ്മോറിയൽ കോട്ടക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് സമാഹരിക്കുന്നത് സംബന്ധിച്ച്.

സൂചന:- സിഎച്ച് മെമ്മോറിയൽ കോട്ടക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രി (ക്ലിപ്തം നമ്പർ M 594 ) സംഘത്തിന്റെ ചെയർമാൻ സമർപ്പിച്ച അപേക്ഷ.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം ആയതിന്മേൽ താങ്കളുടെ വിശദമായ റിപ്പോർട്ട് ഈ വകുപ്പിൽ അടിയന്തിരമായി ലഭ്യമാക്കുവാൻ താല്പര്യപ്പെടുന്നു.

4/4/22

വിശ്വസ്തതയോടെ,
GANGA G R
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by Shemim Khan S H
Date: 30-03-2022 16:26:27
സെക്ഷൻ ഓഫീസർ.

C.H. MEMORIAL
**THE KOTTAKKAL CO-OPERATIVE HOSPITAL LTD.**
No. M 594, P. O. KOTTAKKAL-676 503
MALAPPURAM DIST., KERALA.
Phone: 0483 2748215, 2748216, email: kchkkl14@gmail.com

Ref: G/3/2022 Date.15.3.2022

പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശ സ്വയം ഭരണ വകുപ്പ്
ഗവ : സെക്രട്ടറിയേറ്റ്, തിരുവനന്തപുരം

സർ,

വിഷയം : സി. എച്ച് മെമ്മോറിയൽ കോട്ടക്കൽ കോ- ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ക്ലിപ്തം നമ്പർ M 594 ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ഓഹരി പിരിക്കുന്നതിന് അനുമതി ലഭിക്കുന്നത് സംബന്ധിച്ച്.

സൂചന : സംഘം ഭരണ സമിതിയുടെ 12/02/2022 തിയ്യതിയിലെ 13-ാം നമ്പർ തീരുമാനം.

മലപ്പുറം റവന്യൂ ജില്ലയിലെ പൊന്നാനി താലൂക്ക് ഒഴികെയുള്ള പ്രദേശങ്ങൾ പ്രവർത്തന പരിധിയായും കോട്ടക്കൽ ആസ്ഥാനമായും 12.05.2000 തിയ്യതിക്ക് രജിസ്റ്റർ ചെയ്ത് 25.06.2000 തിയ്യതിക്ക് പ്രവർത്തനം ആരംഭിച്ച സഹകരണ ആശുപത്രിയാണ് സി. എച്ച് മെമ്മോറിയൽ കോട്ടക്കൽ കോ- ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ക്ലിപ്തം നമ്പർ M 594. സംഘം പ്രവർത്തനം ആരംഭിച്ചത് മുതൽ കോട്ടക്കൽ പറപ്പൂർ റോഡിലുള്ള വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ജനറൽ മെഡിസിൻ, ജനറൽ സർജറി, ഓർത്തോ, ഡെർമറ്റോളജി, പീഡിയാട്രിക്സ്, ഇ എൻ ടി, ഒഫ്താൽമോളജി, ഡെന്റൽ, എന്നിങ്ങനെ 8 വിഭാഗങ്ങളിലായി ഒ പി, ഐ പി സൗകര്യങ്ങളുമുണ്ട്. വിവിധ ഡിപ്പാർട്ടുമെൻുകളിലായി 13 ഓളം ഡോക്ടർമാരും 42 ഓളം പാരാമെഡിക്കൽ സ്റ്റാഫും ഈ ആശുപത്രിയിൽ സേവനം ചെയ്യുന്നുണ്ട്. ആശുപത്രിയിൽ 24 മണിക്കൂറും ചികിത്സാ സൗകര്യം കൊടുക്കുന്നുണ്ട്. ആശുപത്രിയിൽ X-Ray, E C G, Lab, U S G Scanning, Pharmacy, NICU, Operation Theatre എന്നീ സൗകര്യങ്ങളുമുണ്ട്. ആശുപത്രി പ്രവർത്തിക്കുന്ന വാടക കെട്ടിടം ദിനം പ്രതി രോഗികളുടെ വർദ്ധനവ് കാരണം വളരെയധികം സൗകര്യക്കുറവ് അനുഭവപ്പെടുന്നുണ്ട്.

KOTTAKKAL CO-OP. HOSPITAL LTD. No.M-594 ★ C.H. MEMORIAL
P.O. KOTTAKKAL
PIN: 676 503

LSGD-FM2/38/2022-LSGD

4/37

5981508/2022/LSGD(OS)

CH MEMORIAL

C. H. MEMORIAL

# THE KOTTAKKAL CO-OPERATIVE HOSPITAL LTD.

No. M 594, P. O. KOTTAKKAL-676 503
MALAPPURAM DIST., KERALA.
Phone: 0483 2748215, 2748216, email: kchkkl14@gmail.com

Ref:.............................. Date..................................

സംഘത്തിന്റെ കൈവശം നിലവിലുള്ള സ്ഥലം നിലം ഗണത്തിൽ ഉൾപ്പെട്ടതാകയാൽ തരം മാറ്റി കെട്ടിടം പണിയുന്നതിന് ആവശ്യമായ അനുമതികൾ ലഭിക്കാൻ സാദ്ധ്യതയില്ലായെന്ന് ബോദ്ധ്യപ്പെട്ടതിനാലും സംഘത്തിന്റെ കൈവശം മറ്റു സ്ഥലങ്ങളൊന്നും ഇല്ലാത്തതിനാലും പുതിയ സ്ഥലം വാങ്ങേണ്ടത് അനിവാര്യമായിരിക്കുന്നു. ആയതിനാൽ സ്ഥലം വാങ്ങി സ്വന്തമായി ഒരു കെട്ടിടം പണിത് അതിലേക്ക് ആശുപത്രി മാറ്റുന്നതിന് ഭരണ സമിതി ഉദ്ദേശിക്കുന്നത്. ഇങ്ങനെ സ്ഥലം വാങ്ങുന്നതിനും കെട്ടിടം പണിയുന്നതിനും ഓഹരി പിരിച്ചു ഫണ്ട് സമാഹരിക്കുന്നതിനാണ് സംഘം ഭരണ സമിതി തീരുമാനിച്ചിട്ടുള്ളത്. എ ക്ലാസ്സ് അംഗങ്ങൾക്ക് പുറമെ സംഘത്തിന്റെ പ്രവർത്തന പരിധിയിൽ നിന്നും ഓഹരി പിരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. സംഘത്തിന്റെ നിയമാവലി വ്യവസ്ഥ 6 (4) പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ഓഹരി പിരിക്കുന്നതിന് വ്യവസ്ഥയുണ്ട്. ഡി ക്ലാസ്സ് ഓഹരി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങക്കായി നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത ഓഹരിയുടെ വില 5000 രൂപയുമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് സമാഹരിച്ച് സ്ഥലം വാങ്ങി കെട്ടിടം പണിത് ആശുപത്രിയിൽ എല്ലാവിധ ആധുനിക രീതിയിലുള്ള ചികിത്സാസൗകര്യങ്ങളും ഒരുക്കുന്നതിനാണ് ആശുപത്രി മാനേജ്മെന്റ് ഉദ്ദേശിക്കുന്നത്.

സംഘത്തിന്റെ 2019-20 വരെയുള്ള ആഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. 2020-21 വർഷ ആഡിറ്റ് പൂർത്തിയായിട്ടുണ്ട്, സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. 2019-20 ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം സംഘത്തിന്റെ പ്രവർത്തന മൂലധനം 15293802.74 രൂപയും അറ്റലാഭം 1082019.14 രൂപയുമാണ്. ബാങ്ക് നിക്ഷേപം 26031038.20 രൂപയും ഓഹരി മൂലധനം 2806700 രൂപയും സർക്കാർ ഓഹരി 350000 രൂപ ബാക്കി നിൽപ്പുണ്ട്. വർഷങ്ങളായി ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘം അംഗങ്ങൾക്ക് കൃത്യമായി ലാഭവിഹിതവും നൽകി വരുന്നു. സർക്കാരിലേക്ക് സംഘത്തിൽ നിന്നും യാതൊരു വിധ കുടിശ്ശികയും അടവാക്കാൻ ബാക്കിയില്ല.

ആയതിനാൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സി. എച്ച് മെമ്മോറിയൽ കോട്ടക്കൽ കോ- ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സംഘം ക്ലിപ്തം നമ്പർ M 594 സംഘത്തിന് സ്ഥലം വാങ്ങുന്നതിനും സ്വന്തമായി ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിനുമായി ഫണ്ട് സ്വരൂപിക്കുന്നതിനായി സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ഓഹരി പിരിക്കുന്നതിന് അനുമതി തരണമെന്ന് ബഹുമാനപ്പെട്ട കേരള സർക്കാർ സമക്ഷം വിനീതമായി അപേക്ഷിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ

C.H. MEMORIAL KOTTAKKAL CO-OP. HOSPITAL LTD. No: M-594
P.O. KOTTAKKAL
PIN: 676 503

ചെയർമാൻ
CHAIRMAN
CH MEMORIAL KOTTAKKAL
CO-OP. HOSPITAL LTD. No: M-594
P.O. KOTTAKKAL

ഭരണഭാഷ– മാതൃഭാഷ

**പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം**
**സ്വരാജ് ഭവൻ,നന്തൻകോട്**
**കവടിയാർ പി.ഒ. തിരുവനന്തപുരം – 695003**
directorofpanchayat@gmail.com
**0471-2323286 തീയതി : 25/05/2022**

**പഞ്ചായത്ത് ഡയറക്ടർ**

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

സർ,

വിഷയം: പഞ്ചായത്ത് വകുപ്പ് –സി എച്ച് മെമ്മോറിയൽ കോട്ടക്കൽ കോ–ഓപ്പറേറ്റീവ് ആശുപത്രിക്ക് ഫണ്ട് സമാഹരിക്കുന്നത്– സംബന്ധിച്ച്

സൂചന: 1. സർക്കാരിന്റെ 30.03.2022 ലെ 38/എഫ് എം2/2022/തസ്വഭവ നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മലപ്പുറം സി എച്ച് മെമ്മോറിയൽ കോട്ടക്കൽ കോ–ഓപ്പറേറ്റീവ് ആശുപത്രിക്ക് ഫണ്ട് സമാഹരിക്കുന്നത് സംബന്ധിച്ച് ടി സ്ഥാപനത്തിന്റെ ചെയർമാൻ സർക്കാരിന് സമർപ്പിച്ച അപേക്ഷയിൽ സൂചന പ്രകാരം സർക്കാർ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുന്നു. അതിനാൽ പ്രസ്തുത അപേക്ഷ പരിശോധിച്ച് വ്യക്തവും വിശദവുമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സൂചനയുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

G HARIKRISHNAN
ADMINISTRATIVE ASSISTANT
പഞ്ചായത്ത് ഡയറക്ടർക്കുവേണ്ടി

**Note No. #1**

സി എച്ച് മെമ്മോറിയൽ കോട്ടക്കൽ കോപ-ഓപ്പറേറ്റീവ് ആശുപത്രിക്ക് ഫണ്ട് സമാഹരിക്കുന്നത് സംബന്ധിച്ച്

സർക്കാരിന്റെ 30.03.2022 ലെ 38/എഫ് എം2/2022/തസ്വഭവ നമ്പർ കത്ത്.

സൂചന കത്ത് കണ്ടാലും.മലപ്പുറം സി എച്ച് മെമ്മോറിയൽ കോട്ടക്കൽ കോപ-ഓപ്പറേറ്റീവ് ആശുപത്രിക്ക് ഫണ്ട് സമാഹരിക്കുന്നത് സംബന്ധിച്ച് ടി സ്ഥാപനത്തിന്റെ ചെയർമാൻ സർക്കാരിന് സമർപ്പിച്ച അപേക്ഷ സർക്കാർ റിപ്പോർട്ടിനായി സൂചന പ്രകാരം ഈ കാര്യാലയത്തിന് കൈമാറി നൽകിയിരുന്നു.ഈ വിഷയത്തിൽ റിപ്പോർട്ട് ആവശ്യപ്പെട്ട് മലപ്പുറം ഡി ഡി പിക്ക് കത്ത് നൽകാവുന്നതാണെന്ന് കാണുന്നു.കരട് കത്ത് അംഗീകാരത്തിനായി

**23/05/2022 11:48 AM**

**RATHEESH S S**
**(G1(DP) PAN)**

**Note No. #2**

റിപ്പോർട്ടിനായി മലപ് ഹ്യ ഡ്ഡെ ഡ ക്കുള്ള കത്തിൻറെ കരട് അംഗീകരിക്കാവുന്നതാണ്

**24/05/2022 10:04 PM**

**SANTHOSH KUMAR K**
**(JS G(DP) PAN)**

**Note No. #3**

അംഗീകരിച്ചു.

**25/05/2022 10:52 AM**

**G HARIKRISHNAN**
**(AA PAN)**

നമ്പർ:1194/2022-ഡി12

പഞ്ചായത്ത്ഡെപ്യൂട്ടിഡയറക്ടറുടെകാര്യാലയം,
മലപ്പുറം, തീയ്യതി:**21/06/2022**
ഇമെയിൽ :ddpmpm.dop.lsgd@kerala.gov.in
ഫോൺ:04832734838

പ്രേഷകൻ :

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

സ്വീകർത്താവ്:

പഞ്ചായത്ത് ഡയറക്ടർ,
തിരുവനന്തപുരം.

സർ,

വിഷയം:- മലപ്പുറം ജില്ല-കോട്ടക്കൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന CH മെമ്മോറിയൽ കോട്ടക്കൽ കോ-ഓപറേറ്റീവ് ആശുപത്രിക്ക് ഫണ്ട് സമാഹരിക്കുന്നത്-നിയമസഭാ ചോദ്യം -മറുപടി സമർപ്പിക്കുന്നത്-സംബന്ധിച്ച്

സൂചന :- 1.പഞ്ചായത്ത് ഡയറക്ടറുടെ 25/05/2022 ലെ PAN/7408/2022-G2(DP) നമ്പർകത്ത്.
2.നിയമ സഭാ ചോദ്യം നമ്പർ 333

ചോദ്യം-333 (എ) മലപ്പുറം ജില്ലയിലെ കോട്ടക്കൽ ആസ്ഥാനമായി പ്രവർത്തിച്ചു വരുന്ന സി.എച്ച്.മെമ്മോറിയൽ കോട്ടക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രി (ക്ലിപ്തം നമ്പർ എം 594) സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഓഹരി പിരിക്കുന്നതിന് അനുമതി തേടികൊണ്ടുള്ള സംഘം ചെയർമാന്റെ നിവേദനത്തിൽ മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ,

ഉത്തരം- മലപ്പുറം ജില്ലയിലെ കോട്ടക്കൽ ആസ്ഥാനമായി പ്രവർത്തിച്ചു വരുന്ന സി.എച്ച്.മെമ്മോറിയൽ കോട്ടക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രി (ക്ലിപ്തം നമ്പർ എം 594) സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഓഹരി പിരിക്കുന്നതിന് അനുമതി തേടികൊണ്ടുള്ള സംഘം ചെയർമാന്റെ നിവേദനത്തിൽ മേൽ സ്വീകരിച്ച നടപടികൾ താഴെ ചേർക്കുന്നു.

1. ഗ്രാമ പഞ്ചായത്തുകളുടെ തനത് വരുമാനം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച് നല്കുന്നതിനായി പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർക്ക് 06/06/2022 ന് DDP-MPM/1194/2022 നമ്പറായി കത്ത് നൽകിയിട്ടുണ്ട്.

2. 21/06/2022 ന് ഇതേ നമ്പർ കത്ത് പ്രകാരം ടി സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങളും, അവസാന ഓഡിറ്റ് ക്ലാസിഫിക്കേഷൻ സർട്ടിഫിക്കറ്റും ആരാഞ്ഞുകൊണ്ട് സഹകരണ സംഘം ജോയിന്റ് രജിസ്റ്റാർക്ക് കത്ത് നല്കി.

3. ടി സ്ഥാപനത്തിൽ നേരിട്ട് പോയി അന്വേഷണം നടത്തുന്നതിന് പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസറെ (യൂണിറ്റ് 4) ചുമതലപ്പെടുത്തി കത്ത് നൽകി.

4.ടി വിവരം അറിയിച്ചു കൊണ്ട് ടി സ്ഥാപനത്തിന്റെ ചെയർമാനും കത്ത് നൽകിയിട്ടുണ്ടെന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

മേൽ കാര്യങ്ങളിൽ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

വിശ്വസ്തതയോടെ,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം.

Signature Not Verified

Digitally signed by Shaji
Joseph Cherukarakkunnel
Date: 2022.06.21 13:50:11 IST
Reason: Approved

നമ്പർ:1194/2022-ഡി12(2)

പഞ്ചായത്ത്ഡെപ്യൂട്ടിഡയറക്ടറുടെകാര്യാലയം,
മലപ്പുറം, തീയ്യതി:**21/06/2022**
ഇമെയിൽ :ddpmpm.dop.lsgd@kerala.gov.in
ഫോൺ:04832734838

പ്രേഷകൻ :

പഞ്ചായത്ത്ഡെപ്യൂട്ടിഡയറക്ടർ

സ്വീകർത്താവ്:

പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർ,
പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റ്-4

സർ,

വിഷയം:- മലപ്പുറം ജില്ല- കോട്ടക്കൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന CH മെമ്മോറിയൽ കോട്ടക്കൽ കോ-ഓപറേറ്റീവ് ആശുപത്രിക്ക് ഫണ്ട് സമാഹരിക്കുന്നത്-സംബന്ധിച്ച്

സൂചന :- 1.പഞ്ചായത്ത് ഡയറക്ടറുടെ 25/05/2022 ലെ PAN/7408/2022-G2(DP) നമ്പർകത്ത്.
2.ഈ കാര്യാലയത്തിലെ 06/06/2022 ലെ ഇതേ നമ്പർകത്ത്

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

കോട്ടക്കലിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന CH മെമ്മോറിയൽ കോട്ടക്കൽ കോ-ഓപറേറ്റീവ് ആശുപത്രിക്ക് സ്ഥലം വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനുമായി ഫണ്ട് സ്വരൂപിക്കുന്നതിനായി സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ഓഹരി പിരിക്കുന്നതിന് സർക്കാരിൽ നിന്നും അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടി സ്ഥാപനത്തിന്റെ ചെയർമാൻ സർക്കാരിലേക്ക് സമർപ്പിച്ച അപേക്ഷ, വിശദമായ റിപ്പോർട്ടിനായി സൂചന പ്രകാരം ലഭിച്ചിട്ടുണ്ട്.

മേൽ വിഷയത്തിൽ സൂചന (2) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിർദേശം നൽകിയിരുന്നു. എന്നാൽ തൽകാലം ഗ്രാമ പഞ്ചായത്തുകളിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കേണ്ടതില്ല. സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതിലേക്കായി ടി സ്ഥാപനത്തിൽ നേരിട്ട് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി താങ്കളെ ചുമതലപ്പെടുത്തുന്നു.

വിശ്വസ്തതയോടെ,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം.

ഉള്ളടക്കം: സ്ഥാപനത്തിന്റെ ചെയർമാന് നൽകിയ കത്ത്

Signature Not Verified

Digitally signed by Shaji
Joseph Cherukarakkunnel
Date: 2022.06.21 10:02:32 IST
Reason: Approved

നമ്പർ:1194/2022-ഡി12(3)

പഞ്ചായത്ത്ഡെപ്യൂട്ടിഡയറക്ടറുടെകാര്യാലയം,
മലപ്പുറം, തീയ്യതി:**21/06/2022**
ഇമെയിൽ :ddpmpm.dop.lsgd@kerala.gov.in
ഫോൺ:04832734838

പ്രേഷകൻ :

പഞ്ചായത്ത്ഡെപ്യൂട്ടിഡയറക്ടർ

സ്വീകർത്താവ്:

ചെയർമാൻ,
സി എച്ച് മെമ്മോറിയൽ സഹകരണ ആശുപത്രി,
കോട്ടക്കൽ, മലപ്പുറം.

സർ,

വിഷയം: - മലപ്പുറം ജില്ല- കോട്ടക്കൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന CH മെമ്മോറിയൽ കോട്ടക്കൽ കോ-ഓപറേറ്റീവ് ആശുപത്രിക്ക് ഫണ്ട് സമാഹരിക്കുന്നത്- സംബന്ധിച്ച്

സൂചന :- പഞ്ചായത്ത് ഡയറക്ടറുടെ 25/05/2022 ലെ PAN/7408/2022-G2(DP) നമ്പർകത്ത്.

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

കോട്ടക്കലിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന CH മെമ്മോറിയൽ കോട്ടക്കൽ കോ-ഓപറേറ്റീവ് ആശുപത്രിക്ക് സ്ഥലം വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനുമായി ഫണ്ട് സ്വരൂപിക്കുന്നതിനായി സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ഓഹരി പിരിക്കുന്നതിന് സർക്കാരിൽ നിന്നും അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് താങ്കൾ സർക്കാരിലേക്ക് സമർപ്പിച്ച അപേക്ഷ, വിശദമായ റിപ്പോർട്ടിനായി സൂചന പ്രകാരം ഈ കാര്യാലയത്തിൽ ലഭിച്ചിട്ടുണ്ട്.

മേൽ വിഷയത്തിൽ സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതിലേക്കായി ടി സ്ഥാപനത്തിൽ നേരിട്ട് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഈ കാര്യാലയത്തിലെ പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണ വേളയിൽ ആവശ്യമായ രേഖകളും, വിവരങ്ങളും, ടി സ്ഥാപനത്തിന്റെ അവസാന ഓഡിറ്റ് ക്ളാസിഫിക്കേഷൻ സർട്ടിഫിക്കറ്റും നൽകുന്നതിന് താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം.

ഉള്ളടക്കം: പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർക്ക് നൽകിയ കത്തിന്റെ പകർപ്പ്

Signature Not Verified

Digitally signed by Shaji Joseph Cherukarakkunnel
Date: 2022.06.21 10:00:32 IST
Reason: Approved

നമ്പർ:DDP-MPM/1194/2022-D12

പഞ്ചായത്ത്ഡെപ്യൂട്ടിഡയറക്ടറുടെകാര്യാലയം,
മലപ്പുറം, തീയ്യതി:21/06/2022
ഇമെയിൽ :ddpmpm.dop.lsgd@kerala.gov.in
ഫോൺ:04832734838

പ്രേഷകൻ :

പഞ്ചായത്ത്ഡെപ്യൂട്ടിഡയറക്ടർ

സ്വീകർത്താവ്:

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ,
മലപ്പുറം.

സർ,

വിഷയം: – മലപ്പുറം ജില്ല– കോട്ടക്കൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന CH മെമ്മോറിയൽ കോട്ടക്കൽ കോ–ഓപറേറ്റീവ് ആശുപത്രിക്ക് ഫണ്ട് സമാഹരിക്കുന്നത്– സംബന്ധിച്ച്

സൂചന :– പഞ്ചായത്ത് ഡയറക്ടറുടെ 25/05/2022 ലെ PAN/7408/2022-G2(DP) നമ്പർകത്ത്.

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

കോട്ടക്കലിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന CH മെമ്മോറിയൽ കോട്ടക്കൽ കോ–ഓപറേറ്റീവ് ആശുപത്രിക്ക് സ്ഥലം വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനുമായി ഫണ്ട് സ്വരൂപിക്കുന്നതിനായി സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ഓഹരി പിരിക്കുന്നതിന് സർക്കാരിൽ നിന്നും അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടി സ്ഥാപനത്തിന്റെ ചെയർമാൻ സർക്കാരിലേക്ക് സമർപ്പിച്ച അപേക്ഷ, വിശദമായ റിപ്പോർട്ടിനായി സൂചന പ്രകാരം ലഭിച്ചിട്ടുണ്ട്.

മേൽ വിഷയത്തിൽ ശുപാർശ സഹിതമുള്ള റിപ്പോർട്ട് സർക്കാറിൽ സമർപ്പിക്കുന്നതിനായി ടി സഹകരണ സ്ഥാപനം കേരളാ കോ.ഓപറേറ്റീവ് സൊസൈറ്റീസ് ആക്ട് 1969/കോ ഓപറേറ്റീവ് സൊസൈറ്റീസ് ആക്ട് 1950 , അനുബന്ധ ചട്ടങ്ങൾ, സഹകരണ സ്ഥാപനങ്ങളുടെ സ്ഥാപനത്തിനും പ്രവർത്തനത്തിനും അടിസ്ഥാനമാക്കിയിട്ടുള്ള നിലവിൽ പ്രസക്തമായിട്ടുള്ള മറ്റ് നിയമങ്ങൾ/ചട്ടങ്ങൾ/ഉത്തരവുകൾ എന്നിവ പ്രകാരം നിയമാനുസൃതമാണോ ആയത് പ്രവർത്തിച്ചു വരുന്നത് എന്നതിലും , ആയതിൻറെ വിപുലീകരണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നടക്കം ഷെയറുകളിലൂടെ സംഭാവനകൾ സ്വീകരിക്കാവുന്നതാണോ എന്നതിലും വ്യക്തത വരുത്തി നൽകണമെന്ന് താല്പര്യപ്പെടുന്നു. കൂടാതെ ടി സ്ഥാപനത്തിന്റെ അവസാന ഓഡിറ്റ് ക്ളാസിഫിക്കേഷൻ സർട്ടിഫിക്കറ്റും റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിന് താലപര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം.

ഉള്ളടക്കം: സൂചന കത്ത്

Signature Not Verified

Digitally signed by Shaji
Joseph Cherukarakkunnel
Date: 2022.06.21 10:03:23 IST
Reason: Approved

ANNEXURE II

I/5222768/2

(8)

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

തദ്ദേശസ്വയംഭരണ (എഫ്.എം.) വകുപ്പ്

30-03-2022,തിരുവനന്തപുരം

നം.38/എഫ്.എം2/2022/ത.സ്വ.ഭ.വ.

അഡീഷണൽ ചീഫ് സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം.

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.

സർ,

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - സിഎച്ച് മെമ്മോറിയൽ കോട്ടക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് സമാഹരിക്കുന്നത് സംബന്ധിച്ച്.

സൂചന:- സിഎച്ച് മെമ്മോറിയൽ കോട്ടക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രി (ക്ലിപ്തം നമ്പർ M 594 ) സംഘത്തിന്റെ ചെയർമാൻ സമർപ്പിച്ച അപേക്ഷ.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം ആയതിന്മേൽ താങ്കളുടെ വിശദമായ റിപ്പോർട്ട് ഈ വകുപ്പിൽ അടിയന്തിരമായി ലഭ്യമാക്കുവാൻ താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
GANGA G R
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by Shemim Khan S H
Date: 30-03-2022 16:26:27
സെക്ഷൻ ഓഫീസർ.

C.H. MEMORIAL

# THE KOTTAKKAL CO-OPERATIVE HOSPITAL LTD.

No. M 594, P. O. KOTTAKKAL-676 503
MALAPPURAM DIST., KERALA.
Phone: 0483 2748215, 2748216, email: kchkkl14@gmail.com

Ref: G/3/2022          Date. 15.3.2022

പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശ സ്വയം ഭരണ വകുപ്പ്
ഗവ : സെക്രട്ടറിയേറ്റ്, തിരുവനന്തപുരം

സർ,

വിഷയം : സി. എച്ച് മെമ്മോറിയൽ കോട്ടക്കൽ കോ- ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ക്ലിപ്തം നമ്പർ M 594 ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ഓഹരി പിരിക്കുന്നതിന് അനുമതി ലഭിക്കുന്നത് സംബന്ധിച്ച്.

സൂചന : സംഘം ഭരണ സമിതിയുടെ 12/02/2022 തിയ്യതിയിലെ 13-ാം നമ്പർ തീരുമാനം.

മലപ്പുറം റവന്യൂ ജില്ലയിലെ പൊന്നാനി താലൂക്ക് ഒഴികെയുള്ള പ്രദേശങ്ങൾ പ്രവർത്തന പരിധിയായും കോട്ടക്കൽ ആസ്ഥാനമായും 12.05.2000 തിയ്യതിക്ക് രജിസ്റ്റർ ചെയ്ത് 25.06.2000 തിയ്യതിക്ക് പ്രവർത്തനം ആരംഭിച്ച സഹകരണ ആശുപത്രിയാണ് സി. എച്ച് മെമ്മോറിയൽ കോട്ടക്കൽ കോ- ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ക്ലിപ്തം നമ്പർ M 594. സംഘം പ്രവർത്തനം ആരംഭിച്ചത് മുതൽ കോട്ടക്കൽ പറപ്പൂർ റോഡിലുള്ള വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ജനറൽ മെഡിസിൻ, ജനറൽ സർജറി, ഓർത്തോ, ഡെർമറ്റോളജി, പീഡിയാട്രിക്സ്, ഇ എൻ ടി, ഒഫ്താൽമോളജി, ഡെന്റൽ, എന്നിങ്ങനെ 8 വിഭാഗങ്ങളിലായി ഒ പി, ഐ പി സൗകര്യങ്ങളുമുണ്ട്. വിവിധ ഡിപ്പാർട്ടുമെന്റുകളിലായി 13 ഓളം ഡോക്ടർമാരും 42 ഓളം പാരാമെഡിക്കൽ സ്റ്റാഫും ഈ ആശുപത്രിയിൽ സേവനം ചെയ്യുന്നുണ്ട്. ആശുപത്രിയിൽ 24 മണിക്കൂറും ചികിത്സാ സൗകര്യം കൊടുക്കുന്നുണ്ട്. ആശുപത്രിയിൽ X-Ray, E C G, Lab, U S G Scanning, Pharmacy, NICU, Operation Theatre എന്നീ സൗകര്യങ്ങളുമുണ്ട്. ആശുപത്രി പ്രവർത്തിക്കുന്ന വാടക കെട്ടിടം ദിനം പ്രതി രോഗികളുടെ വർദ്ധനവ് കാരണം വളരെയധികം സൗകര്യക്കുറവ് അനുഭവപ്പെടുന്നുണ്ട്.

C.H. MEMORIAL KOTTAKKAL CO-OP. HOSPITAL LTD. NO: M-594
P.O KOTTAKKAL
PIN: 676 503

C. H. MEMORIAL
**THE KOTTAKKAL CO-OPERATIVE HOSPITAL LTD.**
No. M 594, P. O. KOTTAKKAL-676 503
MALAPPURAM DIST., KERALA.
Phone: 0483 2748215, 2748216, email: kchkkl14@gmail.com

*Ref:*..............................                                                  *Date*...............................

സംഘത്തിന്റെ കൈവശം നിലവിലുള്ള സ്ഥലം നിലം ഗണത്തിൽ ഉൾപ്പെട്ടതാകയാൽ തരം മാറ്റി കെട്ടിടം പണിയുന്നതിന് ആവശ്യമായ അനുമതികൾ ലഭിക്കാൻ സാദ്ധ്യതയില്ലായെന്ന് ബോദ്ധ്യപ്പെട്ടതിനാലും സംഘത്തിന്റെ കൈവശം മറ്റു സ്ഥലങ്ങളൊന്നും ഇല്ലാത്തതിനാലും പുതിയ സ്ഥലം വാങ്ങേണ്ടത് അനിവാര്യമായിരിക്കുന്നു. ആയതിനാൽ സ്ഥലം വാങ്ങി സ്വന്തമായി ഒരു കെട്ടിടം പണിത് അതിലേക്ക് ആശുപത്രി മാറ്റുന്നതിന് ഭരണ സമിതി ഉദ്ദേശിക്കുന്നത്. ഇങ്ങനെ സ്ഥലം വാങ്ങുന്നതിനും കെട്ടിടം പണിയുന്നതിനും ഓഹരി പിരിച്ചു ഫണ്ട് സമാഹരിക്കുന്നതിനാണ് സംഘം ഭരണ സമിതി തീരുമാനിച്ചിട്ടുള്ളത്. എ ക്ലാസ്സ് അംഗങ്ങൾക്ക് പുറമെ സംഘത്തിന്റെ പ്രവർത്തന പരിധിയിൽ നിന്നും ഓഹരി പിരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. സംഘത്തിന്റെ നിയമാവലി വ്യവസ്ഥ 6 (4) പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ഓഹരി പിരിക്കുന്നതിന് വ്യവസ്ഥയുണ്ട്. ഡി ക്ലാസ്സ് ഓഹരി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങക്കായി നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത ഓഹരിയുടെ വില 5000 രൂപയുമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് സമാഹരിച്ച് സ്ഥലം വാങ്ങി കെട്ടിടം പണിത് ആശുപത്രിയിൽ എല്ലാവിധ ആധുനിക രീതിയിലുള്ള ചികിത്സാസൗകര്യങ്ങളും ഒരുക്കുന്നതിനാണ് ആശുപത്രി മാനേജ്മെന്റ് ഉദ്ദേശിക്കുന്നത്.

സംഘത്തിന്റെ 2019-20 വരെയുള്ള ആഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. 2020-21 വർഷ ആഡിറ്റ് പൂർത്തിയായിട്ടുണ്ട്. സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. 2019-20 ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം സംഘത്തിന്റെ പ്രവർത്തന മൂലധനം 15293802.74 രൂപയും അറ്റലാഭം 1082019.14 രൂപയുമാണ്. ബാങ്ക് നിക്ഷേപം 26031038.20 രൂപയും ഓഹരി മൂലധനം 2806700 രൂപയും സർക്കാർ ഓഹരി 350000 രൂപ ബാക്കി നിൽപ്പുണ്ട്. വർഷങ്ങളായി ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘം അംഗങ്ങൾക്ക് കൃത്യമായി ലാഭവിഹിതവും നൽകി വരുന്നു. സർക്കാരിലേക്ക് സംഘത്തിൽ നിന്നും യാതൊരു വിധ കുടിശ്ശികയും അടവാക്കാൻ ബാക്കിയില്ല.

ആയതിനാൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സി. എച്ച് മെമ്മോറിയൽ കോട്ടക്കൽ കോ- ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സംഘം ക്ലിപ്തം നമ്പർ M 594 സംഘത്തിന് സ്ഥലം വാങ്ങുന്നതിനും സ്വന്തമായി ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിനുമായി ഫണ്ട് സ്വരൂപിക്കുന്നതിനായി സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ഓഹരി പിരിക്കുന്നതിന് അനുമതി തരണമെന്ന് ബഹുമാനപ്പെട്ട കേരള സർക്കാർ സമക്ഷം വിനീതമായി അപേക്ഷിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ

KOTTAKKAL CO-OP. HOSPITAL LTD. NO. M-594 C.H. MEMORIAL
P.O. KOTTAKKAL
PIN: 676 503

ചെയർമാൻ
CHAIRMAN
CH MEMORIAL KOTTAKKAL
CO-OP. HOSPITAL LTD. No: M-594
P.O. KOTTAKKAL

103910/2022/CRD OS

PROF. ABID HUSSAIN THANGAL
(KOTTAKKAL)
MEMBER
KERALA LEGISLATIVE ASSEMBLY

HARAMAIN HOUSE
VADAKKANGARA (P.O.)
MANKADA, MALAPPURAM
PIN-679 324

PHONE
RESI 04933-282329
OFFICE 0471-2512388
MOBILE 9447282329
9744777008
8943282329

PERIYAR BLOCK-503,
M. L. A HOSTEL,
THIRUVANANTHAPURAM

E-mail: ahthangal@gmail.com
Website: www.fb.com/ahthangal

CAMP: തിരുവനന്തപുരം,

39/2022/KTK

DATE: 28.04.2022.

പ്രിയപ്പെട്ട ഗ്രാമ വികസന കമ്മീഷണർ,

വിഷയം: സി എച്ച് മെമ്മോറിയൽ കോട്ടക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് സമാഹരിക്കുന്നത് സംബന്ധിച്ച്

സൂചന: 30.03.2022 തിയതിയിലെ 38/എഫ്.എം 2/2022/ത സ്വ ഭ വ നമ്പർ കത്ത്

സി എച്ച് മെമ്മോറിയൽ കോട്ടക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രി കോട്ടക്കൽ ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് സമാഹരിക്കുന്നതിനുള്ള അനുമതി തേടിക്കൊണ്ട് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയ്ക്ക് നൽകിയ കത്ത് വിശദമായ റിപ്പോർട്ടിനായി താങ്കൾക്ക് കൈമാറിയിട്ടുള്ളതായി സൂചന പ്രകാരം എന്നെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കുവാനും വിവരം എന്നെ അറിയിക്കുവാനും താൽപര്യപ്പെടുന്നു.

സസ്നേഹം,

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ.

ശ്രീ. ഡി. ബാലമുരളി , ഐഎഎസ്
ബഹു. ഗ്രാമ വികസന കമ്മീഷണർ

MEMBER, KERALA LEGISLATIVE ASSEMBLY
KOTTAKKAL

ഭരണഭാഷ - മാതൃഭാഷ

നമ്പർ. DP 5/2125/2022/CRD

ഗ്രാമവികസന കമ്മീഷണറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്
കവടിയാർ പി.ഒ, തിരുവനന്തപുരം-03
ഫോൺ: 0471 2314526
തീയതി:19/05/2022

ഗ്രാമവികസന കമ്മീഷണർ

അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) മലപ്പുറം

സർ,

വിഷയം : - ഗ്രാമ വികസന വകുപ്പ് - സി.എച്ച്.മെമ്മോറിയൽ കോട്ടക്കൽ കോ - ഓപ്പറേറ്റീവ് ആശുപത്രി - തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് സമാഹരിക്കുന്നത് - സംബന്ധിച്ച്.

സൂചന : - 1. തദ്ദേശ സ്വയം ഭരണ (എഫ്.എം)വകുപ്പിന്റെ 30.3.2022 ലെ എഫ്.എം.2/2022/38/തസ്വഭവ നമ്പർ കത്ത്.

2. സി.എച്ച്.മെമ്മോറിയൽ കോട്ടക്കൽ കോ - ഓപ്പറേറ്റീവ് ആശുപത്രി ചെയർമാൻ സമർപ്പിച്ച അപേക്ഷ.

**************

മേൽ സൂചന പ്രകാരം പൊന്നാനി താലൂക്കിലെ കോട്ടക്കൽ കോ - ഓപ്പറേറ്റീവ് ആശുപത്രിയുടെ വാടക കെട്ടിടം മാറ്റി പുതിയസ്ഥലം വാങ്ങി സ്വന്തമായി കെട്ടിടം പണിയുന്നതിന് സ്ഥാപനത്തിന്റെ പ്രവർത്തന പരിധിയിലുള്ള ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ഓഹരി പിരിക്കുന്നതിനു അനുമതി നൽകണമെന്ന അപേക്ഷയുടെ പകർപ്പ് താങ്കളുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ ഇതോടൊപ്പം അയക്കുന്നു.

വിശ്വസ്തതയോടെ,

C.S.LETHIKA
JOINT DEVELOPMENT COMMISSIONER

ഉള്ളടക്കം : - അപേക്ഷ

# ഭരണഭാഷ മാതൃഭാഷ

നം.ആർ.ഡി 2. 1630/22

അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ)ന്റെ
കാര്യാലയം, കലക്ട്രേറ്റ്, മലപ്പുറം.
ടെലഫോൺ : 0483 2734846
ഇമെയിൽ : adcgmlp@gmail.com
" : adcglmlp.crd@kerala.gov.in
തിയ്യതി : 20 / 06 / 2022

അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ)
മലപ്പുറം.

ഗ്രാമ വികസന കമ്മീഷണർ
ഗ്രാമ വികസന കമ്മീഷണറേറ്റ്
തിരുവനന്തപുരം

സർ,

വിഷയം : സി.എച്ച് മെമ്മോറിയൽ കോട്ടക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രി - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് സമാഹരിക്കുന്നത് - സംബന്ധിച്ച്

സൂചന : അങ്ങയുടെ 19.05.2022 ലെ ഡി.പി5/2125/2022/സി.ആർ.ഡി നമ്പർ കത്ത്

മേൽ സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിച്ചുകൊള്ളുന്നു. സി.എച്ച് മെമ്മോറിയൽ കോട്ടക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് സമാഹരിക്കുന്നത് സംബന്ധിച്ച റിപ്പോർട്ട് ഇതോടൊന്നിച്ച് സമർപ്പിച്ചുകൊള്ളുന്നു.

| ക്രമ നം. | ബ്ലോക്കിന്റെ പേര് | റിപ്പോർട്ട് |
|---|---|---|
| 1 | വേങ്ങര | ഫണ്ട് കൊടുക്കാവുന്നതാണ് എന്നുള്ള തീരുമാനം |
| 2 | തിരൂർ | ഭരണസമിതിയിൽ വച്ചിട്ടുണ്ട്. തീരുമാനം ആയിട്ടില്ല. |
| 3 | വണ്ടൂർ | ഭരണസമിതിയിൽ വച്ചിട്ടുണ്ട്. തീരുമാനം ആയിട്ടില്ല. |
| 4 | കൊണ്ടോട്ടി | അടുത്ത ഭരണസമിതിയിൽ വക്കാവുന്നതാണ്. |
| 5 | താനൂർ | ഭരണസമിതിയിൽ വച്ചിട്ടുണ്ട്. തീരുമാനം ആയിട്ടില്ല. |
| 6 | പെരിന്തൽമണ്ണ | ഭരണസമിതിയിൽ വച്ചിട്ടുണ്ട്. തീരുമാനം ആയിട്ടില്ല. |
| 7 | മലപ്പുറം | സർക്കാരിന്റെ തീരുമാനങ്ങൾക്ക് വിധേയമായി ഫണ്ട് കൊടുക്കാവുന്നതാണ്. |
| 8 | മങ്കട | ഭരണസമിതിയിൽ വച്ചിട്ടുണ്ട്. തീരുമാനം ആയിട്ടില്ല. |
| 9 | കുറ്റിപ്പുറം | ഭരണസമിതിയിൽ വച്ചിട്ടുണ്ട്. തീരുമാനം ആയിട്ടില്ല. |
| 10 | പൊന്നാനി | NIL Report |
| 11 | പെരുമ്പടപ്പ് | |
| 12 | അരീക്കോട് | |
| 13 | കാളികാവ് | |
| 14 | നിലമ്പൂർ | |
| 15 | തിരൂരങ്ങാടി | |

വിശ്വസ്തതയോടെ

അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ)
മലപ്പുറം.

<u>ഭരണഭാഷ – മാതൃഭാഷ</u>

നം. DP 5/2125/2022/CRD

ഗ്രാമവികസന കമ്മീഷണറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്
കവടിയാർ പി.ഒ. തിരുവനന്തപുരം-03
ഫോൺ: 0471 2314526
തീയതി:22/06/2022

ഗ്രാമവികസന കമ്മീഷണർ

അഡിഷണൽ ചീഫ് സെക്രട്ടറി

തദ്ദേശ സ്വയം ഭരണ(എഫ്.എം)വകുപ്പ്

ഗവണ്മെന്റ് സെക്രട്ടറിയേറ്റ്

തിരുവനന്തപുരം

സർ,

വിഷയം:- ഗ്രാമവികസന വകുപ്പ് - സി.എച്ച് മെമ്മോറിയൽ കോട്ടക്കൽ കോ- ഓപ്പറേറ്റീവ് ആശുപത്രി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് സമാഹരിക്കുന്ന സംബന്ധിച്ച്

സൂചന:- 1.സർക്കാരിന്റെ 30.03.2022 ലെ 38/എഫ്.എം2/2022/തസ്വഭവ നമ്പർ കത്ത്.
2. മലപ്പുറം അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ)-ന്റെ 20.6.2022 -ലെ ആർ .ഡി .2 / 1630 / 2022 നം . കത്ത്

**************

സൂചനയിലേക്കു ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു. സർക്കാർ നിർദ്ദേശപ്രകാരം സി.എച്ച് മെമ്മോറിയൽ കോട്ടക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് സമാഹരിക്കുന്ന സംബന്ധിച്ച് മലപ്പുറം അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ) സൂചന (2) പ്രകാരം സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വേങ്ങര,മലപ്പുറം ബ്ലോക്ക് പഞ്ചായത്തുകൾ ഫണ്ട് നൽകാമെന്നും, തിരൂർ,വണ്ടൂർ,താനൂർ,പെരിന്തൽമണ്ണ,മങ്കട,കുറ്റിപ്പുറം എന്നീ ബ്ലോക്ക് പഞ്ചായത്തുകൾ ടി ഫണ്ടുമായി ബന്ധപ്പെട്ട വിഷയം ഭരണ സമിതിയിൽ വച്ചിട്ടുള്ളതും എന്നാൽ തീരുമാനം ആയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. കൊണ്ടോട്ടി, പൊന്നാനി, പെരുമ്പടപ്പ്, അരീക്കോട്,കാളികാവ്,നിലമ്പൂർ,തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തുകൾ ഈ വിഷയത്തിൽ ഇതേവരെ തീരുമാനമെടുത്തിട്ടില്ലായെന്ന വിവരം അറിയിക്കുന്നു. ടി ബ്ലോക്ക് പഞ്ചായത്തുകളുടെ ഭരണസമിതി തീരുമാനം ലഭ്യമാകുന്ന മുറക്ക് സമർപ്പിക്കുന്നതാണ് എന്ന് അറിയിച്ചുകൊള്ളുന്നു. നിലവിലെ വാർഷിക പദ്ധതി മാർഗ്ഗരേഖ പ്രകാരം സഹകരണ സ്ഥാപനത്തിന്റെ ഓഹരി

സ്വന്തമാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് പദ്ധതി തുക വിനിയോഗിക്കുവാൻ കഴിയുകയില്ല എന്ന കാര്യം അറിയിക്കുന്നു. ആയതിനാൽ സി.എച്ച് മെമ്മോറിയൽ കോട്ടക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് സമാഹരിക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനം എടുക്കാവുന്നതാണ് എന്ന് അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

H DINESHAN IAS
COMMISSIONER

Signature Not Verified

Digitally signed by DINESHAN H
Date: 2022.06.22 15:05:29 IST
Reason: Approved

ANNEXURE III

DUA/1022/2022-DC4

"ഭരണഭാഷ മാതൃഭാഷ"
എൽ എസ് ജി ഡി (അർബൻ)ഡയറക്ടറേറ്റ്
,സ്വരാജ് ഭവൻ, നന്തൻകോട്
തിരുവനന്തപുരം, തീയതി:**28/04/2022**
.ഫോൺ: 0471-2318896
ഇ-മെയിൽ: duatvpm@gmail.com

പ്രേഷകൻ
ഡയറക്ടർ
എൽ എസ് ജി ഡി (അർബൻ)

സ്വീകർത്താവ്
സെക്രട്ടറി
തിരൂർ, കോട്ടയ്ക്കൽ, നിലമ്പൂർ, മഞ്ചേരി, താനൂർ, മലപ്പുറം, പരപ്പനങ്ങാടി, വളാഞ്ചേരി, കൊണ്ടോട്ടി, തിരൂരങ്ങാടി, പെരിന്തൽമണ്ണ നഗരസഭ.

സർ,

വിഷയം: നഗരകാര്യ വകുപ്പ്-സി എച്ച് മെമ്മോറിയൽ കോട്ടക്കൽ കോ ഓപ്പറേറ്റീവ് ആശുപത്രി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് സമാഹരിക്കുന്നത് -സംബന്ധിച്ച്

സൂചന: 30/03/2022 ലെ 38/FM2/2022/LSGD നമ്പർ സർക്കാർ കത്ത്

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

സൂചന പ്രകാരം ലഭ്യമായ അപേക്ഷയുടെ പകർപ്പ് ഇതോടൊപ്പം അയക്കുന്നു. അയതിന്മേൽ താങ്കളുടെ വിശദമായ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ

C. P. SABU
**JUNIOR SUPERINTENDENT**
എൽ എസ് ജി ഡി (അർബൻ) ഡയറക്ടർക്കു വേണ്ടി

## Note No. #1

സി എച് മെമ്മോറിയൽ കോട്ടക്കൽ കോ ഓപ്പറേറ്റീവ് ആശുപത്രി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് സമാഹരിക്കുന്നത് സംബന്ധിച്ച് സർക്കാർ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുന്നു.മേൽ നിർദ്ദേശത്തിനായി.

**13/04/2022 4:40 PM**

**MUBEEN S**
**(DC4-DUA)**

## Note No. #2

മലപ്പുറം ജില്ലയിലെ പൊന്നാനി നഗരസഭ ഒഴികെ ഉള്ള നഗരസഭകളിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടാവുന്നതാണ്.

**21/04/2022 4:43 PM**

**C. P. SABU**
**(JS-DEVPT-DUA)**

## Note No. #3

സെക്രട്ടറിമാർക്കുള്ള കത്തിന്റെ നക്കൽ അംഗീകാരത്തിനായി.

**23/04/2022 2:58 PM**

**MUBEEN S**
**(DC4-DUA)**

## Note No. #4

approved

**28/04/2022 11:19 AM**

**C. P. SABU**
**(JS-DEVPT-DUA)**